Muthoot Finance

Muthoot Finance Limited
Registered Office :
NH Bypass, Palarivattom, Kochi - 682 028,
Kerala, India.
CIN: L65910KL1997PLC011300
Phone : +91-484-480 4000, 239 4712
mails@muthootgroup.com
www.muthootgroup.com

Ref: SEC/MFL/SE/2025/6258 August 21, 2025

National Stock Exchange of India Limited
Exchange Plaza,
Plot No. C/1, G Block,
Bandra-Kurla Complex
Bandra (E), Mumbai - 400 051
Symbol: MUTHOOTFIN

Department of Corporate Services
BSE Limited,
P. J. Tower, Dalal Street,
Mumbai - 400 001
Scrip Code: 533398

NSE IFSC Limited (NSE IX)
Unit 1201, Brigade, International Financial
Center, 12th Floor, Building No. 14-A, GIFT
SEZ Gandhinagar,
Gujarat 382 355

Dear Sir/Madam,

Sub: Newspaper Advertisement regarding intimation of 100 Days Campaign – "Saksham Niveshak"

Pursuant to Regulation 30 of the SEBI Listing Regulations, we enclose herewith, the copy of the Newspaper Advertisements published on August 21, 2025, in Businessline (All India edition) and Metro Vartha (Kochi Edition) regarding intimation of 100 days campaign named "Saksham Niveshak" by Investor Education and Protection Fund Authority, Ministry of Corporate Affairs.

The above information is also available on the website of the Company at www.muthootfinance.com

For **Muthoot Finance Limited**

RAJESH ACHUTHA WARRIER
Digitally signed by RAJESH ACHUTHA WARRIER
Date: 2025.08.21 14:27:23 +05'30'

Rajesh A
Company Secretary
ICSI Membership No. FCS 7106

QUICKLY.

IOC, BPCL resume buying Russian oil for Sept

New Delhi: Indian Oil and Bharat Petroleum have bought Russian oil for September and October delivery, resuming purchases after discounts widened, two company officials said. They had halted purchases in July due to narrower discounts and after India was criticised by US for its purchases of Russian oil. REUTERS

India, Saudi Arabia to deepen maritime relations

New Delhi: India and Saudi Arabia have agreed to deepen bilateral maritime relations, an official statement said on Wednesday. Both countries have formed a Joint Working Group (JWG) on maritime cooperation in the shipping and logistics sectors, the statement said. This decision was taken during a virtual meeting between Shipping Minister Sarbananda Sonowal and Saudi Arabia's Minister of Transport and Logistic Services Saleh bin Nasser Al-Jasser. PTI

Will welcome Indian products if they can't enter US, says Russian diplomat

TRADE ASSURANCE. Moscow will continue oil supplies to India through special mechanism: Babushkin

Amiti Sen
New Delhi

> "If Indian goods face difficulty in entering the US market, Russia will welcome Indian imports to the most extent possible."
>
> **ROMAN BABUSHKIN,** Chargé d'Affaires of the Russian Embassy in India

Russia will welcome Indian exports if products face difficulties entering the US market, Roman Babushkin, Chargé d'Affaires of the Russian Embassy in India, said. Russian oil supplies to India are to continue despite the threat of sanctions, he added.

"If Indian goods face difficulty in entering the US market, Russia will welcome Indian imports to the most extent possible. Don't worry about that," Babushkin said at a media briefing on Wednesday.

Although bilateral trade between India and Russia rose to $68.7 billion in FY25, the surge was driven mainly by increased purchases of oil from Russia. India's exports to Russia in FY25 stood at $4.88 billion and the trade deficit was a staggering $59 billion. India has thus been urging Russia to import more from the country and Babushkin's assurance on that front is a welcome move for the Indian industry.

He also said that the US sanctions on India were "unjustified and unilateral" reflecting a lack of trust and disrespect for national sovereignty. "Friends do not behave like this," he said.

TIMELY VISIT OF EAM

On Foreign Minister S Jaishankar's ongoing Moscow visit, the Chargé d'Affaires said it was very "timely".

"IRIGC (India-Russia Inter-Governmental Commission) is the main mechanism of the Russian-Indian practical co-operation. And to prepare the contacts of our leaders, which, as you may be aware, there is some information that by the end of the year, leaders will be meeting here in Delhi. No dates have been announced as yet," Babushkin said, referring to a possible meeting between Russian President Vladimir Putin and Prime Minister Narendra Modi later this year.

NO HALT TO OIL IMPORT

Responding to questions on whether India will stop buying oil from Russia, Babushkin said that he did not expect that to happen. India's oil imports from Russia are likely to stay at the same level, he said.

"Russia is the largest producer of oil and India the largest consumer. Any kind of unilateral action leads to disruptions in supply chain, imbalance in pricing policies and destabilisation of global markets, endangering the energy security of developing countries. Hypothetically, if India refuses Russian oil, it will not lead to equal co-operation with the West in general because it is not in the West's nature, which was clearly demonstrated in recent years. They behave like neo-colonial powers that think of their own benefit. This pressure is unjustified and unilateral," he said.

Moscow has a special mechanism to continue exporting oil to India, the Russian diplomat added. "There will be a 5 per cent discount, subject to negotiations, on India's Russian crude purchases," Russian Deputy Trade Representative to India, Evgeniy Griva, said.

Griva added, "As for discounts, it's a commercial secret. I think, because it's usually just a dialogue between businessmen and approximately usually 5 per cent. It's fluctuating, but usually it's plus-minus 5 per cent."

BILATERAL TRADE

Russia has been dealing with sanctions over the past years, despite which bilateral trade with India has grown several times, Babushkin said.

"We have seen this problem of sanctions for many years now, but our trade is growing. In recent years, our trade has grown by seven times," he added.

Even if there are some challenges, the two countries are committed to removing them. "We are able to sit together and remove the problem and minimise the impact. We are capable of finding any solution for mutual satisfaction. The deepening of our partnership will help us grow together," he said.

Centre's proposal aims to facilitate GST 2.0: FM

Shishir Sinha
New Delhi

Finance Minister Nirmala Sitharaman

Finance Minister Nirmala Sitharaman on Wednesday said the Centre aims to usher in the next generation of GST reforms through a substantive proposal to this effect.

She was addressing the Group of Ministers (GoMs) constituted by the GST Council on Compensation Cess, Health & Life Insurance, and Rate Rationalisation.

"The Union Finance Minister emphasised that the proposal by the Central Government is with a vision to usher in the next generation of GST reforms in India's journey towards becoming Atmanirbhar Bharat," a social media post by the Finance Ministry said.

TWO-TIER RATE

The Centre has proposed a two-tier rate structure – 5 per cent and 18 per cent along with special rate of 40 per cent for sin goods such as tobacco and ultra luxury cars. At present there are four main rate slabs: 5, 12, 18 and 28 per cent. In addition to the main slabs, there are three special rates: 3 per cent on gold and silver, 1.5 per cent on cut and polished diamonds and 0.25 per cent on rough diamonds. Cess is also levied on some items under 28 per cent category such as automobiles, tobacco and aerated beverages.

Meanwhile, the post mentioned that the reforms, proposed by the Centre to the GoMs, are based on three key pillars — structural reforms, rate rationalisation and ease of living. Under the structural reforms, efforts would be to correct inverted duty structures (higher taxes on inputs and lower tax on output) to cut input tax credit accumulation and boost domestic value addition, resolve classification issues for simpler compliance and fewer disputes and ensure stability & predictability in GST policy to strengthen industry confidence and long-term planning.

RATE RATIONALISATION

The rate rationalisation exercise aims at providing greater relief to the common man, farmers, the middle class and MSMEs, while ensuring a simplified, transparent and growth-oriented tax regime. This would enhance affordability, boost consumption and make essential and aspirational goods more accessible to a wider population.

Under ease of living the reforms will ensure seamless, tech-driven and time-bound registration, introduce pre-filled returns to reduce errors and mismatches and enable faster, automated refunds, all aimed at simplifying compliance, supporting businesses and enhancing the overall ease of living and doing business.

The Central government remains committed to building a broad-based consensus with the States in the coming weeks to implement the next generation of GST reforms in the spirit of cooperative federalism, the report said.

INFLATION FORECAST

Meanwhile, a note by HDFC Bank said that the revision in GST rates likely to see a downside of 20 bps to its inflation forecast of 2.8 per cent for FY26.

The note estimated that the revenue foregone due to these GST changes could be close to ₹37,500 crore for the Centre alone or 0.1 per cent of GDP for half of the year, assuming that lower rates are effective October.

As direct tax collections likely to undershoot the budget target, there could be a fiscal slippage of ₹60,000 crore, which could be broadly manageable (through expenditure rationalisation if required).

India, Russia-led trade bloc sign framework for FTA negotiations

Our Bureau
New Delhi

India and the five-member Eurasian Economic Union (EAEU) — comprising Russia, Armenia, Belarus, Kazakhstan, Kyrgyz Republic — signed the terms of reference to launch negotiations on a free trade agreement (FTA) in Moscow on Wednesday, per an official statement.

"With a combined GDP of $6.5 trillion, the proposed FTA is expected to expand market access for Indian exporters, support diversification into new sectors and geographies, enhance competitiveness against non-market economies, and deliver significant benefits to MSMEs," a statement issued by the Commerce Department noted.

The ToR provides the framework for negotiations and is expected to unlock untapped trade potential, increase investments and establish a stronger, durable India–EAEU economic, the statement added. It was signed by Commerce Additional Secretary Ajay Bhadoo and Deputy Director, Trade Policy Department, Eurasian Economic Commission (EEC), Mikhail Cherekaev.

India's trade with the region is growing, although it is mostly due to increased imports of oil from Russia. There is a huge scope for growth in Indian exports to the bloc, including to Russia, which India hopes to explore through the FTA.

During his visit, Bhadoo also called on Minister in charge of Trade, EEC, Andrei Slepnev. "The heads of negotiation groups apprised the Minister about the milestone achieved with the signing of the ToR and discussed next steps to formally launch the negotiation process, including organisational aspects of the future trade deal," the statement pointed out.

Discussions on the proposed FTA between India and the EAEU had taken place in early 2020 but had to be stalled because of the Covid-19 pandemic.

Core sector growth slows to 2% in July

Press Trust of India
New Delhi

Eight infrastructure sectors' growth fell to a two-month low of 2 per cent in July due to a dip in the production of coal, crude oil, natural gas and refinery products.

According to official data released on Wednesday, the output of these sectors had risen by 6.3 per cent in July last year. The production growth was 2.2 per cent in the previous month of June.

The growth was dragged by five key sectors of coal, crude oil, natural gas, and refinery products, which recorded a decline in output in July. The production growth of fertilizer and electricity moderated to 2 per cent and 0.5 per cent in July from 5.3 per cent and 7.9 per cent in July 2024, respectively.

However, steel and cement output jumped by 12.8 per cent and 11.7 per cent, respectively, during the month under review.

In April-July of this fiscal year, the eight infrastructure sectors expanded by 1.6 per cent, compared to 6.3 per cent during the same period last year.

Government to launch 13th round of commercial coal mines auction today

Press Trust of India
New Delhi

The government will launch the 13th round of commercial mines auction on Thursday.

The development assumes significance as the government seeks to ramp up coal production and ensure a sufficient supply of the dry fuel to meet the growing energy demand of the country.

"The Ministry of Coal is set to launch the 13th round of commercial coal mine auctions on August 21, 2025, in New Delhi," the Coal Ministry said in a statement. The upcoming round will continue to offer mines with the most liberal terms, promoting ease of doing business and attracting investments from a diverse set of stakeholders.

The Union Minister of Coal and Mines G Kishan Reddy will be the Chief Guest of the launch event.

"This event will mark another significant step towards enhancing transparency, competition, and self-reliance in India's coal sector. The commercial coal mine auction process, which has witnessed robust participation from both established and new industry players in every round, aims to accelerate coal production and ensure adequate supply for the nation's growing energy demand," it said.

The upcoming round will offer a fresh set of coal mines for auction, covering both fully explored and partially explored blocks, attracting diverse participation from experienced miners, new entrants, and technology-driven enterprises. The event will also showcase the potential benefits of underground and surface coal gasification.

The coal mine development and production agreements (CMDPA) will be signed for 11 successfully allocated coal mines of the previous rounds of auction.

Launched in 2020, the commercial auction framework has transformed the coal sector by fostering transparency, driving competition, and increasing coal availability for domestic industries, thereby reducing dependence on imports.

Exports of major textile commodities rise 5.37% in July despite global uncertainties

Press Trust of India
New Delhi

Despite global uncertainties, exports of major textile commodities increased 5.37 per cent to $3.10 billion in July compared to $2.94 billion in the year-ago period, the government said on Wednesday.

Despite global uncertainties, India's textile exports continue to chart a positive growth trajectory, reaffirming the sector's role as a key driver of employment, exports, and economic growth, the Textile Ministry said.

STEADY GROWTH

India's textile and apparel sector has continued to demonstrate resilience in July, recording a steady growth trajectory.

As per quick estimates released by the Directorate General of Commercial Intelligence & Statistics (DGCIS) for the period April-July 2025, cumulative textile exports rose 3.87 per cent to $12.18 billion against $11.73 billion a year ago.

The total exports of the six major textile commodity groups crossed $3.1 billion in July 2025, showing resilience against mixed global trade conditions. Sustained demand in ready-made garments, jute, carpets, and handicrafts contributed significantly to the growth momentum.

READY-MADE GARMENTS

Ready-made garments (RMG) exports rose to $1.34 billion in July 2025 from $1.28 billion in July 2024 (4.75 per cent growth). Cumulative exports for April-July 2025 stood at $5.53 billion compared to $5.13 billion last year, recording 7.87 per cent growth.

The industry's performance highlights India's diversified product strength, spanning from cotton and MMF-based textiles to traditional handicrafts and eco-friendly jute.

പോരാട്ട സ്മരണയിൽ സഖാവ് പി. കൃഷ്ണപിള്ളയുടെ ജന്മനാട്

വൈക്കം: നവോത്ഥാന പോരാട്ടങ്ങളുടെ ഈ ചരിത്രഭൂമിയിലാണ് സഖാവ് പി കൃഷ്ണപിള്ള ജന്മംകൊണ്ടും കർമംകൊണ്ടും തന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതെന്ന് സിപിഐ സംസ്ഥാന എക്സി. അംഗം സി.കെ ശശിധരൻ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപക സെക്രട്ടറി സഖാവ് പി. കൃഷ്ണപിള്ളയുടെ ജന്മഗൃഹം സ്ഥിതി ചെയ്തിരുന്ന വൈക്കം കാരയിൽ പറൂപ്പറമ്പ് പുരയിടത്തിൽ നടന്ന പി കൃഷ്ണപിള്ള അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ദേശീയ സ്വാതന്ത്ര്യ പോരാട്ടത്തിന്റെ തീച്ചൂളയിലൂടെയാണ് സഖാവ് കമ്മ്യൂണിസ്റ്റ് ആദർശത്തിലേക്ക് എത്തിച്ചേർന്നത്. ജനങ്ങളുടെ ജീവിതദുരിതത്തിന് അറുതികാണാൻ ആ തുടക്കം ഒരു കൊടുങ്കാറ്റായി മാറി. പോരാട്ടങ്ങളിൽ കൃഷ്ണപിള്ളയുടെ ഓർമകൾ ആവേശം പകരുമെന്ന് സി.കെ ശശിധരൻ കൂട്ടിച്ചേർത്തു.

സംസ്ഥാന കൗൺസിൽ അംഗം ലീനമ്മ ഉദയകുമാർ, കൺട്രോൾ കമ്മീഷൻ അംഗം ആർ സുശീലൻ, ജില്ലാ കൗൺസിൽ അംഗങ്ങളായ ജോൺ വി.ജോസഫ്, ടി.എൻ രമേശൻ, കെ അജിത്ത്, എ.സി ജോസഫ് പങ്കെടുത്തു.


സിപിഐ സംഘടിപ്പിച്ച പി. കൃഷ്ണപിള്ള അനുസ്മരണ സമ്മേളനം സംസ്ഥാന എക്സി. അംഗം സി.കെ ശശിധരൻ ഉദ്ഘാടനം ചെയ്യുന്നു.

റോബോബിൻ മാലിന്യ സംസ്കരണ ബൂത്തിന്റെ ഉദ്ഘാടനം 23ന്

ആലുവ: ആലുവ നഗരസഭയുടെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്കായി സ്ഥാപിച്ച റോബോട്ടിക് സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ആദ്യത്തെ റോബോബിൻ മാലിന്യ സംസ്കരണ ബൂത്തിന്റെ ഉദ്ഘാടനം 23ന് വൈകിട്ട് 03.00 മണിക്ക് വ്യവസായ-നിയമ വകുപ്പ് മന്ത്രി പി. രാജീവ് നിർവഹിക്കും. ചടങ്ങിൽ അൻവർ സാദത്ത് എംഎൽഎ അധ്യക്ഷത വഹിക്കും.

നഗരവാസികൾക്ക് കിലോഗ്രാമിന് ഏഴുരൂപ നിരക്കിൽ മാലിന്യങ്ങൾ ഈ ബൂത്തിൽ കൈമാറാവുന്നതാണ്. മുനിസിപ്പൽ ടൗൺഹാളിന് മുന്നിലെ ഗാന്ധിസ്ക്വയറിനോട് ചേർന്നാണ് ബൂത്ത് സ്ഥിതിചെയ്യുന്നത്. 20 ലക്ഷം രൂപയാണ് നിർമാണ ചെലവ്. ശേഷിച്ച ബൂത്തുകൾ ഉടനെ സ്ഥാപിക്കും. കൂടാതെ ഡയപ്പർ, നാപ്കിൻ തുടങ്ങിയവയുടെ ശേഖരണവും ഇതിനോടനുബന്ധിച്ച് ഒരുക്കിയിട്ടുണ്ട്.

മുനിസിപ്പൽ ചെയർമാൻ എം.ഒ.ജോൺ, കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് മാനേജിങ് ഡയറക്ടർ വി.എസ്.രാജീവ്, ഡെപ്യൂട്ടി ചെയർപേഴ്സൺ സൈജി ജോളി, റോബോബിൻ ഫൗണ്ടർ & ചെയർമാൻ ഷിബു വിജയവേദം എന്നിവർ സംസാരിക്കും.

ആലുവ നഗരസഭയുടെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്കായി സ്ഥാപിച്ച റോബോട്ടിക് റോബോബിൻ മാലിന്യ സംസ്കരണ ബൂത്ത്.

കരയോഗം വാർഷികവും കുടുംബമേളയും

വൈക്കം: വടക്കേനട പടിഞ്ഞാറ്റുംചേരി വടക്കേമുറി 1880-ാം നമ്പർ വി.കെ വേലപ്പൻ മെമ്മോറിയൽ എൻഎസ്എസ് കരയോഗത്തിന്റെ വാർഷിക പൊതുയോഗവും, എൻഡോവ്മെന്റ് വിതരണവും, കുടുംബമേളയും, മന്നം നവോത്ഥാന സൂര്യൻ പരിപാടിയും കെഎൻഎൻ സ്മാരക എൻഎസ്എസ് ഓഡിറ്റോറിയത്തിൽ നടത്തി. താലൂക്ക് യൂണിയൻ പ്രസിഡന്റ് പിജിഎം നായർ കാരിക്കോട് ഉദ്ഘാടനം ചെയ്തു. കരയോഗം പ്രസിഡന്റ് കെ.പി രവികുമാർ അധ്യക്ഷത വഹിച്ചു. എൻഡോവ്മെന്റ് സ്കോളർഷിപ്പ്, വിദ്യാഭ്യാസ സഹായം, ചികിത്സ സഹായം എന്നിവയുടെ വിതരണവും നടത്തി. അഖിൽ ആർ നായർ, എസ് മുരുകേശ്, കരയോഗം സെക്രട്ടറി സി ശ്രീഹർഷൻ, ജോയിന്റ് സെക്രട്ടറി ശിവകുമാർ, ട്രഷറർ സുരേഷ് കുമാർ സംസാരിച്ചു.

വെള്ളാള സംഘം വനിതാ സമാജം രൂപീകരിച്ചു

വൈക്കം: വെള്ളാള ഐക്യമത്യ സംഘത്തിന്റെ പൊതുയോഗം വെള്ളാള വനിതാ സമാജം രൂപീകരിച്ചു. വെള്ളാള ഐക്യമത്യ സംഘം ഹാളിൽ നടന്ന സമ്മേളനം പ്രസിഡന്റ് പി.കെ പുരുഷോത്തമൻ പിള്ള ഉദ്ഘാടനം ചെയ്തു. കണക്കും റിപ്പോർട്ടും അവതരിപ്പിച്ചു. സംഘം സെക്രട്ടറി വി വിനോദ് കുമാർ, ജോയിന്റ് സെക്രട്ടറി ശിവപ്രസാദ് മടിയത്തറ, വൈസ് പ്രസിഡന്റ് ആർ. രാജേന്ദ്രൻ പിള്ള, ഡി സുബ്രഹ്മണ്യൻ പിള്ള, എൻ ശ്രീജ്യോതി, ജി മധു എന്നിവർ സംസാരിച്ചു. വനിതാ സമാജം ഭാരവാഹികളായി സുമ ശ്രീശൻ (പ്രസിഡന്റ്), ബേബി എസ് പിള്ള (സെക്രട്ടറി), എസ് ശ്രീജ (വൈസ് പ്രസിഡന്റ്), ടി.വി ഷൈലജ (ജോയിന്റ് സെക്രട്ടറി), ഇന്ദു രാജീവ് (ട്രഷറർ), എന്നിവരെ തെരഞ്ഞെടുത്തു.

വീട്ടമ്മ ആത്മഹത്യ ചെയ്ത സംഭവം
പണമിടപാടിൽ ദുരൂഹത

കൊച്ചി: പറവൂരിൽ പലിശക്കാരുടെ ഭീഷണിയെത്തുടർന്ന് വീട്ടമ്മ പുഴയിൽ ചാടി ജീവനൊടുക്കിയ സംഭവത്തിൽ റിട്ടയേഡ് പൊലീസ് ഉദ്യോഗസ്ഥനും ഭാര്യയ്ക്കുമെതിരേ ആത്മഹത്യാ പ്രേരണാക്കുറ്റത്തിനു കേസെടുക്കും. വീടിനു സമീപത്തെ പുഴയിൽ ചാടി ജീവനൊടുക്കിയ ആശ ബെന്നി (42)യുടെ ആത്മഹത്യാക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് പൊലീസ് നടപടി. ചൊവ്വാഴ്ച ഉച്ചയോടെയാണ് പുഴയിൽ ചാടി ആശ ബെന്നി ജീവനൊടുക്കിയത്.

റിട്ടയേഡ് പൊലീസ് ഉദ്യോഗസ്ഥന്റെ ഭാര്യയും അയൽവാസിയുമായ ബിന്ദു, അമിത പലിശ ഈടാക്കുകയും വീണ്ടും പണം ആവശ്യപ്പെടുകയും ചെയ്തതിൽ മനംനൊന്താണ് ആത്മഹത്യയെന്ന് സൂചിപ്പിക്കുന്ന കുറിപ്പ് പൊലീസ് കണ്ടെത്തിയിരുന്നു. കടം വാങ്ങിയ പത്ത് ലക്ഷം രൂപയ്ക്ക് പകരമായി 30 ലക്ഷത്തോളം രൂപ നൽകിയിട്ടും വീണ്ടും പണം ആവശ്യപ്പെട്ട് ബിന്ദുവും ഭർത്താവ് പ്രദീപും ഭീഷണിപ്പെടുത്തിയെന്നാണ് പരാതി. പറവൂർ പൊലീസ് സ്റ്റേഷനിൽ വെച്ചുപോലും ബിന്ദുവിൽ നിന്നും ഭർത്താവിൽ നിന്നും ഭീഷണി ഉണ്ടായി. എന്നിട്ടും പൊലീസ് ഇടപെട്ടില്ലെന്നും ആക്ഷേപമുണ്ട്. ആശ ബെന്നി ആത്മഹത്യ ചെയ്യുന്നതിന് തലേന്ന് പ്രദീപ് കുമാർ പണം ചോദിച്ച് വീട്ടിൽ ചെന്നിരുന്നുവെന്നും, ഭീഷണി മുഴക്കിയിരുന്നുവെന്നും വീട്ടുകാർ പറയുന്നു. ആരോപണ വിധേയനായ പൊലീസുകാരൻ പ്രദീപ് കുമാർ നേരത്തെ കൈക്കൂലി വാങ്ങിയതിന് നടപടി നേരിട്ടയാളാണെന്നാണ് വിവരം.

വരാപ്പുഴ ഉരുട്ടി കൊലക്കേസിൽ കൈക്കൂലി വാങ്ങിയതിനാണ് പ്രദീപ് നടപടി നേരിട്ടത്. 2018ൽ പറവൂർ സി ഐയുടെ ഡ്രൈവറായിരുന്ന പ്രദീപിനെ കൈക്കൂലി വാങ്ങിയതിന് പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്തിരുന്നു. തുടർന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തിരുന്നു.

അതേസമയം പണമിടപാടിൽ ദുരൂഹതയുണ്ടെന്നാണ് പൊലീസ് സൂചിപ്പിക്കുന്നത്. 10 ലക്ഷത്തോളം രൂപ കൈമാറ്റം ചെയ്യപ്പെട്ടുവെന്നാണ് പറയപ്പെടുന്നത്. അക്കൗണ്ട് വഴി നടന്നത് ചെറിയ പണമിടപാട് മാത്രമാണ്. പണം കൊടുത്തതിനും വാങ്ങിയതിനും കൃത്യമായ തെളിവുകൾ ഇല്ല. ഗൂഗിൾപേ വഴിയെല്ലാം ചെറിയ തുകകൾ മാത്രമേ കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളൂ.

അതിനാൽ ഏതു മാർഗത്തിലൂടെയാണ് ഇത്ര വലിയ തോതിൽ പണം കൈമാറ്റം നടന്നതെന്നാണ് പൊലീസ് അന്വേഷിക്കുന്നത്. പണത്തിന്റെ ഉറവിടത്തെക്കുറിച്ചും അന്വേഷിക്കുന്നുണ്ട്. ആശ ബെന്നി ആത്മഹത്യ ചെയ്തതിന് പിന്നാലെ പ്രദീപിനും ബിന്ദുവും ഒളിവിലാണെന്ന് പൊലീസ് പറഞ്ഞു. ഇവർക്കായി അന്വേഷണം നടത്തിവരികയാണ്. പൊലീസ് ഉദ്യോഗസ്ഥനായ പ്രദീപിന്റെ ഭാര്യയുമായിട്ടായിരുന്നു ആശ സാമ്പത്തിക ഇടപാടുകൾ നടത്തിയിരുന്നത്. ഒരു ലക്ഷത്തിന് മാസം പതിനായിരം രൂപയായിരുന്നു പലിശ. പലിശ നൽകാൻ മറ്റിടങ്ങളിൽനിന്ന് ആശ കടംവാങ്ങിയതായി സൂചനയുണ്ട്. ആശയുടെ വീട്ടിൽ കയറി പലിശക്കാർ ഭീഷണിപ്പെടുത്തുന്ന ദൃശ്യം പുറത്തു വന്നിട്ടുണ്ട്. മരിച്ച ആശയ്ക്ക് വലിയ സാമ്പത്തിക ബാധ്യതയുണ്ടായിരുന്നുവെന്നും, ആശ പലരിൽ നിന്നായി 24 ലക്ഷം രൂപയോളം കടം വാങ്ങിയിരുന്നതായി പൊലീസ് പറയുന്നു.


ആശ ബെന്നി

കണ്ടെയ്നർ റോഡിലെ വഴിവിളക്കുകൾ: പുരോഗതി വിലയിരുത്തി മന്ത്രി

കളമശേരി: കണ്ടെയ്നർ റോഡിലെ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിലെ പുരോഗതി വ്യവസായ മന്ത്രി പി.രാജീവിന്റെ അധ്യക്ഷതയിൽ ചേർന്ന ദേശീയപാത - കെഎസ്ഇബി ഉന്നതതല യോഗം വിലയിരുത്തി.

ദേശീയപാത നവീകരണ പദ്ധതിയുടെ ഭാഗമായി വ്യവസായ മന്ത്രിയുടെ സാന്നിധ്യത്തിൽ നേരത്തെ നടത്തിയ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചതായി എൻഎച്ച്എഐ പ്രോജക്റ്റ് ഡയറക്ടർ പി. പ്രദീപ് യോഗത്തിൽ അറിയിച്ചു. 130 കോടിയുടെ ദേശീയപാത നവീകരണ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച വഴി വിളക്കുകൾ കളമശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗത്ത് പൂർണ തോതിൽ തെളിയിക്കുന്നതിന് കഴിഞ്ഞതായും മന്ത്രിയുടെ നിർദേശപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയതായും ദേശീയപാത അതോറിറ്റി അറിയിച്ചു.

കണ്ടെയ്നർ റോഡിലെ 17 കിലോമീറ്റർ ദൂരത്തിൽ 1000 ലധികം വഴിവിളക്കുകൾ സ്ഥാപിക്കുന്ന പ്രക്രിയ പൂർത്തിയാക്കിയിരുന്നു. കെഎസ്ഇബിയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി വഴിവിളക്കുകൾ ചാർജ് ചെയ്യാൻ മന്ത്രി പി.രാജീവ് ഇടപെട്ടതിലൂടെ കഴിഞ്ഞതായി എൻഎച്ച്എഐ അധികൃതർ പറഞ്ഞു. ചേരാനല്ലൂർ മുതൽ ബോൾഗാട്ടി വരെയുള്ള ഭാഗത്ത് പുതിയ ലൈനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്നതിന് സംയുക്ത പരിശോധന ആരംഭിക്കാനും യോഗത്തിൽ തീരുമാനിച്ചു.

മന്ത്രി പി.രാജീവ്, എൻ.എച്ച്.എ.ഐ പ്രോജക്റ്റ് ഡയറക്ടർ പി.പ്രദീപ്, ഏലൂർ നഗരസഭാ ചെയർമാൻ എ.ഡി. സുജിൽ എന്നിവർ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു. കെ.എസ്.ഇ.ബി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ കെ ബി പ്രശാന്തും യോഗത്തിൽ പങ്കെടുത്തു.


ദേശീയപാത കണ്ടെയ്നർ റോഡിലെ സർവ്വീസ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മന്ത്രി പി.രാജീവ്, എൻ.എച്ച്.എ.ഐ പ്രോജക്ട് ഡയറക്ടർ പി.പ്രദീപ്, നഗരസഭ ചെയർമാൻ എ.ഡി. സുജിൽ എന്നിവർ സ്ഥലപരിശോധന നടത്തുന്നു.

വൈക്കം വ്യാപാര ഭവൻ ഉദ്ഘാടനം ഇന്ന്

വൈക്കം: പടിഞ്ഞാറെനടയിൽ അന്ധകാരതോടിനു സമീപം കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വൈക്കം യൂണിറ്റ് 50 ലക്ഷം രൂപ ചെലവഴിച്ച് ആധുനിക സൗകര്യങ്ങളോടെ നിർമിച്ച വൈക്കം വ്യാപാര ഭവൻ കെട്ടിട സമുച്ചയം ഇന്ന് ഉദ്ഘാടനം ചെയ്യും. രാവിലെ 11ന് നടക്കുന്ന സമ്മേളനം ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര ഉദ്ഘാടനം ചെയ്യും. ഓഫീസ് ഉദ്ഘാടനം സി.കെ ആശ എംഎൽഎ നിർവഹിക്കും. ഏകോപന സമിതി ജില്ലാ പ്രസിഡന്റ് എം.കെ തോമസ്കുട്ടി ശിലാഫലകം അനാച്ഛാദനം ചെയ്യും. വൈക്കം യൂണിറ്റ് പ്രസിഡന്റ് പി ശിവദാസ് അധ്യക്ഷത വഹിക്കും.

ഫ്ലാറ്റ് നിർമിച്ച് നൽകുന്നതിൽ കാലതാമസം:
പരാതിക്കാരന് നഷ്ടപരിഹാരം നൽകണം

തൃക്കാക്കര: ഫ്ലാറ്റ് നിർമിച്ച് കൈമാറുന്നതിൽ നാല് വർഷത്തോളം കാലതാമസം വരുത്തുകയും അധിക തുക ഈടാക്കുകയും ചെയ്തെന്ന പരാതിയിൽ റിയൽ എസ്റ്റേറ്റ് ഡെവലപ്പറായ ഡിഎൽഎഫ് നഷ്ടപരിഹാരം നൽകണമെന്ന് എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ. കാക്കനാട് ഡിഎൽഎഫ് ന്യൂ ടൗൺ ഹൈറ്റ്സ് പ്രോജക്റ്റുമായി ബന്ധപ്പെട്ട് സീനാ സൂസൻ കുരുവിളയും മകൻ മിഥുൻ കുരുവിളയും നൽകിയ പരാതിയിലാണ് ഡി.ബി. ബിനു അധ്യക്ഷനും വി. രാമചന്ദ്രൻ, ടി.എൻ ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ചിന്റെ ഉത്തരവ്.

2010 മെയ് മാസം പരാതിക്കാർ 34,29,880/- രൂപയ്ക്ക് കാക്കനാട്ടെ ഡിഎൽഎഫ് ന്യൂ ടൗൺ ഹൈറ്റ്സിൽ അപ്പാർട്ട്മെന്റ് ബുക്ക് ചെയ്തത്. 2013 ജനുവരി 19-നകം ഫ്ലാറ്റ് കൈമാറുമെന്നായിരുന്നു കരാർ. എന്നാൽ, 95% തുകയും അടച്ചിട്ടും ഏകദേശം അഞ്ച് വർഷത്തോളം താമസിച്ച് 2017 സെപ്റ്റംബറിലാണ് ഫ്ലാറ്റ് കൈമാറിയത്. ഇതിനിടെ 10,22,063/- രൂപ അധികമായി ആവശ്യപ്പെടുകയും സമ്മർദം കാരണം പരാതിക്കാർക്ക് അത് നൽകേണ്ടി വരികയും ചെയ്തു. കൂടാതെ, നിർമാണ കാലയളവിൽ ഫ്ലാറ്റിന്റെ വിസ്തീർണ്ണം വർധിപ്പിച്ചു എന്ന പേരിൽ 2,74,480/- രൂപ അധികമായി ഈടാക്കി. എന്നാൽ, കൈമാറിക്കിട്ടിയ അപ്പാർട്ട്മെന്റ് നിലവാരം കുറഞ്ഞതായിരുന്നു എന്നും മതിയായ ജലവിതരണ സംവിധാനമോ, ശരിയായ ഇലക്ട്രിക്കൽ ജോലികളും ചെയ്തിരുന്നില്ല. പരാതിക്കാരുടെ വായ്പാ അക്കൗണ്ടിൽ നിന്ന് അനധികൃതമായി പണം പിൻവലിച്ചതായും പരാതിയിൽ പറയുന്നു. കരാർ പ്രകാരമുള്ള സമയത്ത് ഫ്ലാറ്റ് കൈമാറുന്നതിൽ നിർമ്മാതാവ് പരാജയപ്പെടുന്നത് സേവനത്തിലെ ഗുരുതരമായ വീഴ്ചയാണെന്ന് സുപ്രീം കോടതിയുടെ മുൻകാല വിധികൾ ഉദ്ധരിച്ചുകൊണ്ട് കമ്മീഷൻ നിരീക്ഷിച്ചു.

ഫ്ലാറ്റ് കൈമാറുന്നതിലെ കാലതാമസത്തിന്, ഹാൻഡ് ഓവർ പറഞ്ഞ തീയതി മുതൽ യഥാർത്ഥ തീയതി വരെയുള്ള 4 വർഷക്കാലയളവിന് ഫ്ലാറ്റിന്റെ വിലയായ 34,29,880/ രൂപയുടെ 12% തുക പലിശയായി നൽകണം. കാലതാമസം കാരണം പരാതിക്കാർക്ക് വാടകയിനത്തിൽ ചെലവായ 5,76,000/- രൂപ തിരികെ നൽകണം. പരാതിക്കാർക്ക് വേണ്ടി അഡ്വ. ബിനു മാത്യു ഹാജരായി.

ഹരിത കർമസേനാംഗങ്ങൾക്ക് ബോണസ് നൽകി

മാരാരിക്കുളം: മാരാരിക്കുളം വടക്ക് പഞ്ചായത്ത് ഹരിത കർമസേനാംഗങ്ങൾക്ക് ബോണസ് ഓണപ്പുടവയും കുടയും നൽകി. അഡ്വ.പി.പി എംഎൽഎ പി ചിത്തരഞ്ജനിൽ നിന്ന് ഹരിത കർമസേനാംഗങ്ങൾ ഏറ്റുവാങ്ങി. ഹരിതകർമസേനാംഗങ്ങൾ തുച്ഛമായ വേതനത്തിൽ സമൂഹ നന്മക്കായി സേവനമനുഷ്ഠിക്കുന്നവരാണെന്നും അവരുടെ സേവനത്തിന് അർഹമായ പരിഗണനയാണ് പഞ്ചായത്ത് നൽകിയതെന്നും എംഎൽഎ പറഞ്ഞു. പ്രസിഡന്റ് ജസ്റ്റി ജോസി, വൈസ് പ്രസിഡന്റ് സി.സി. ഷിബു, ബ്ലോക്ക് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ അനിത തിലകൻ, പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി സ്ഥിരം അധ്യക്ഷരായ പ്രിയേഷ്കുമാർ, പ്രഭാ മധു, സിഡിഎസ് ചെയർപേഴ്സൺ അനിജ മനോജ്, പഞ്ചായത്ത് സെക്രട്ടറി ഷേക് ബിജു പങ്കെടുത്തു.

ടി.യു.കുരുവിളയുടെ നവതി ആഘോഷിച്ചു

കോതമംഗലം: മുൻ മന്ത്രിയും കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാനുമായ ടി.യു. കുരുവിളയുടെ നവതി ആഘോഷം പാർട്ടി നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തി. സംസ്ഥാന കോ-ഓർഡിനേറ്റർ അപ്പു ജോൺ ജോസഫ് ഉദ്ഘാടനം ചെയ്തു. നിയോജകമണ്ഡലം പ്രസിഡന്റ് എ.ടി. പൗലോസ് അധ്യക്ഷനായി. ജില്ലാ പ്രസിഡന്റ് ഷിബു തെക്കുംപുറം, ജോമി തെക്കേക്കര, റോയി സ്കറിയ, സി.കെ.സത്യൻ, റാണിക്കുട്ടി ജോർജ്, ജോർജ് അമ്പാട്ട്, ബിജു വെട്ടിക്കുഴ, ആന്റണി ഓലിയപ്പുറം, ജോജി സ്കറിയ, കെ.എം. എൽദോസ്, വിൽസൺ പുളിനാട്ട് സംസാരിച്ചു.

'അഭയം' ബഡ്സ് സ്കൂൾ ഉദ്ഘാടനം ചെയ്തു

ആലപ്പുഴ: നഗരസഭ സമൂഹത്തിലെ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികളെ ചേർത്തു നിർത്തുന്നതിനും കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും കലാ സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുമായി "അഭയം" എന്ന പേരിൽ ആരംഭിച്ച ബഡ്സ് സ്കൂൾ ആലപ്പുഴ എംഎൽഎ പി.പി. ചിത്തരഞ്ജൻ ഉദ്ഘാടനം ചെയ്തു. നഗരസഭാധ്യക്ഷ കെ.കെ. ജയമ്മ അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷന്റെ സഹകരണത്തോടെ ആറാട്ടുവഴി പഴയ കണ്ടയാശാൻ സ്കൂളിൽ പ്രവർത്തനം ആരംഭിച്ച ബഡ്സ് സ്കൂളിൽ ഭിന്നശേഷി കുട്ടികളുടെ അഭിരുചിക്കനുയോജ്യമായ പഠന സംവിധാനങ്ങളും, കളിയുപകരണങ്ങളും, ഫിസിയോതെറാപ്പി, യോഗാ സംവിധാനങ്ങളടക്കമുള്ള ക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. നഗരസഭ പരിധിയിലെ കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് എംഎൽഎ യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂൾ ബസും, കുടുതൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ടും അനുവദിക്കുമെന്ന് എംഎൽഎ പറഞ്ഞു.

സ്ഥിരം സമിതി അധ്യക്ഷരായ നസീർ പുന്നയ്ക്കൽ, എം.ആർ പ്രേം, എ.എസ് കവിത, ആർ വിനിത, കൗൺസിലർ പി രതീഷ്, ക്ലാരമ്മ പീറ്റർ, ഹെലൻ ഫെർണാണ്ടസ്, മോനിഷ, ജ്യോതി, ജെസിമോൾ, ഡെപ്യൂട്ടി സെക്രട്ടറി ജയശ്രീ പങ്കെടുത്തു.

സർക്കാർ പദ്ധതികളെക്കുറിച്ചുള്ള ബോധവത്കരണ പരിപാടിക്ക് കുറുപ്പംപടിയിൽ തുടക്കം

കുറുപ്പംപടി: സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ എറണാകുളം യൂണിറ്റ് (സിബിസി) ഐസിഡിഎസ് പ്രോജക്റ്റ് കൂവപ്പടി ബ്ലോക്കിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന സർക്കാർ പദ്ധതികളെക്കുറിച്ചുള്ള രണ്ട് ദിവസത്തെ ബോധവത്കരണ പരിപാടിക്ക് കുറുപ്പംപടിയിൽ രായമംഗലം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ തുടക്കമായി. രായമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ.പി. അജയകുമാർ പരിപാടി ഉദ്ഘാടനം ചെയ്തു. കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അംബിക മുരളീധരൻ അധ്യക്ഷത വഹിച്ചു.

ഐസിഡിഎസ് വാഴക്കുളം സിഡിപിഒ രഷ്മ, സിബിസി എറണാകുളം ഫീൽഡ് പബ്ലിസിറ്റി ഓഫീസർ കെ.അബ്ദുൽ നാസർ, സിബിസി ഉദ്യോഗസ്ഥൻ ഹർഷ അനീഫ് എന്നിവർ സംസാരിച്ചു. കേന്ദ്രസർക്കാരിന്റെ സാമൂഹിക സാമ്പത്തിക സുരക്ഷാ പദ്ധതികൾ, ശുചിത്വഭാരതം എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടന്നു. തുടർന്ന് കലാപരിപാടികളും അരങ്ങേറി.

തപാൽ വകുപ്പിന്റെ വിവിധ പദ്ധതികളിൽ പേര് ചേർക്കുന്നതിനുള്ള സൗകര്യവും യുഐഡിഎഐയുടെ നേതൃത്വത്തിൽ ആധാർ ക്യാമ്പും ഇതോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ന് സ്വയംതൊഴിൽ - സംരംഭ സാധ്യതകളും സർക്കാർ പദ്ധതികളും, തപാൽ സേവനങ്ങളും നിക്ഷേപ പദ്ധതികളും എന്നീ വിഷയങ്ങളിൽ ക്ലാസുകൾ നടക്കും.


സർക്കാർ പദ്ധതികളെക്കുറിച്ചുള്ള രണ്ട് ദിവസത്തെ ബോധവൽക്കരണ പരിപാടി രായമംഗലം പഞ്ചായത്ത് പ്രസിഡന്റ് എൻ.പി. അജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.

എകെജി റോഡിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി

പറവൂർ: തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവർത്തിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനിയറിങ് വകുപ്പിൽ നിന്നും വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ വാർഡ് 8 മണ്ണം തുരുത്ത് എകെജി റോഡിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതായി പ്രതിപക്ഷ നേതാവ് അഡ്വ.വി.ഡി. സതീശൻ അറിയിച്ചു. മുമ്പ് ഹാർബർ എഞ്ചിനീയറിങ് വകുപ്പിനാണ് ഇതിന്റെ നിർമാണ ചുമതല. സാങ്കേതികാനുമതി ലഭ്യമാക്കിയ ശേഷം ടെൻഡർ നടപടികൾ സ്വീകരിച്ച് എത്രയും വേഗം നിർമാണ പ്രവർത്തികൾ ആരംഭിക്കുമെന്നും പ്രതിപക്ഷ നേതാവ് അറിയിച്ചു.

കെഎച്ച്ആർഎ കലക്റ്ററേറ്റിലേക്ക് മാർച്ച് നടത്തി

തൃക്കാക്കര: അവശ്യസാധന വിലക്കയറ്റം നിയന്ത്രിക്കുക, മലിനുസംസ്കരണത്തിന് പൊതുസംവിധാനം ഏർപ്പെടുത്തുക, പിസിബി നിബന്ധനകൾ ലഘൂകരിക്കുക, അനധികൃത വില്പനകേന്ദ്രങ്ങൾ നിയന്ത്രിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം ജില്ലാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ കലക്റ്ററേറ്റിലേക്ക് പ്രതിഷേധ മാർച്ചും ധർണയും നടത്തി. ഉമ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡന്റ് ടി.ജെ. മനോഹരൻ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് അസീസ് മൂസ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് വി.ടി. ഹരിഹരൻ, സംസ്ഥാന സെക്രട്ടറി അബ്ദുൾ സമദ്, സി.കെ. അനിൽ, കെ. പാർത്ഥസാരഥി, ബൈജു പി.ഡേവിസ്, തുടങ്ങിയവർ സംസാരിച്ചു.


കെഎച്ച്ആർഎയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കലക്റ്ററേറ്റ് മാർച്ച് ഉമ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

കോതമംഗലത്ത് ഭിന്നശേഷി കലോത്സവം

കോതമംഗലം: കോതമംഗലത്ത് ഭിന്നശേഷി കലോത്സവം സ്നേഹ സ്പർശം 2025 കലാ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. ഉദ്ഘാടനം ആന്റണി ജോൺ എംഎൽഎ നിർവഹിച്ചു. മുനിസിപ്പൽ ചെയർമാൻ ഇൻ ചാർജ് സിന്ധു ഗണേശൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ വികസന കാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ കെ.എ. നൗഷാദ്, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ നിഷ ഡേവിഡ്, വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ അഡ്വ. ജോസ് വർഗീസ്, പൊതുമരാമത്ത് കാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ബിൻസി തങ്കച്ചൻ, കൗൺസിലർമാരായ പി.ആർ ഉണ്ണികൃഷ്ണൻ, അഡ്വ.ഷിബു കുര്യാക്കോസ്, ഷിനു കെ.എ, സിജോ വർഗീസ്, മിനി ബെന്നി, ജൂബി പ്രതീഷ്, റോസിലി ഷിബു സന്നിഹിതരായി. പരിപാടിയോട് അനുബന്ധിച്ച് കോതമംഗലം മാർ അത്തനേഷ്യസ് പ്രോഗ്രാം അവതരിപ്പിച്ചുകൊണ്ട് മുവാറ്റുപുഴ നിർമല കോളേജ് സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റ് വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കുചേർന്നു. കലോത്സവത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും മോമെന്റോയും സ്നേഹ സമ്മാനവും നൽകി ആദരിച്ചു.